# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*114 03.12.2015 ൽ മറുപടിക്ക്**

## ബൈപ്പാസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>" എം.എ.വാഹിദ്<br>" സി.പി.മുഹമ്മദ്<br>" എ.റ്റി.ജോർജ്ജ് | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) ബൈപ്പാസുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;<br><br>ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | എ) & ബി) ബൈപ്പാസുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നഗരങ്ങളിൽ നില നിൽക്കുന്ന ഗതാഗതക്കുരുക്കുകൾ ഒഴിവാക്കു-ന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും ഇതു കൂടാതെ യാത്ര സമയം ലാഭിക്കുന്നതിനും സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ബൈപ്പാസുകളുടെ നിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ഈ പദ്ധതി പ്രകാരം ദേശീയപാത വിഭാഗത്തിൻ കീഴിൽ നിർമ്മാണം ഏറ്റെടുത്തു നടത്തിവരുന്ന വിവിധ ബൈപ്പാസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**തിരുവനന്തപുരം ബൈപ്പാസ്:-** ദേശീയപാത 47ൽ വരുന്ന, കഴക്കൂട്ടത്തു നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന 43 കി.മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോട് കൂടിയ 4 വരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.500 കി.മീ. ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാകടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട് ഈ പദ്ധതിയുടെ മുഴുവൻ ചിലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.<br><br>**കൊല്ലം ബൈപ്പാസ്:-** ദേശീയപാത 47-ലെ കാവനാട് (കി.മീ 486/500) തുടങ്ങി മേവറം (കി.മീ 499/500) വരെയുള്ള 13 കി. മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ |

3 പാലങ്ങളോടുകൂടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെ നിർമ്മിക്കുന്നതും. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയും ചെയ്യുന്നു.

**ആലപ്പുഴ ബൈപ്പാസ്:-** ദേശീയപാത 47-ൽ കൊമ്മാട്ടി (കി.മീ 408/100) മുതൽ കളർകോട് (കി.മീ 414/900) വരെയുള്ള 6.80 കി.മീ വരുന്ന ബൈപ്പാസിന്റെ 2 വരിപ്പാതയിൽ 3.21 കി.മീ എലിവേറ്റഡ് ഹൈവേയും 2 ROB യുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെ യാണ് നിർമ്മിക്കുന്നത് . പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയും ചെയ്യുന്നു.

**തൃപ്പൂണിത്തുറ ബൈപ്പാസ്:-** തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട് Land Acquisition Estimate ഉം പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനുവേണ്ടി NATPAC നെ ചുമതലപ്പെടുത്തുകയും സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ NATPAC നൽകുകയും ചെയ്തിട്ടുണ്ട് സ്ഥലമെടുപ്പിന്റെ ഡി.പി.ആർ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്

**കോഴിക്കോട് ബൈപ്പാസ്:-** ദേശീയപാത 17ലെ കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന വെങ്ങളം മുതൽ പുളിക്കാടിക്കുന്ന് വരെയുള്ള 5.1 കി.മീ. 2 വരിപ്പാതയായി പൂർത്തീകരണം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് ചെയ്യുവാൻ നിശ്ചയിക്കുകയും അതിന്

കേന്ദ്ര മന്ത്രാലയത്തിന്റെ സമ്മതവും ലഭിച്ചു. 145 കോടി രൂപയ്ക്കുള്ള ഭരണാനുമതി G.O. (Rt) No. 845/2014/PWD തീയതി 21/6/2014 ഉത്തരവ് പ്രകാരവും, 152.75 കോടി രൂപയ്ക്കുള്ള സാങ്കേതികഅനുമതി G.O.(Rt) No.1071/2014/PWDതീയതി31/7/2014 ഉത്തരവ് പ്രകാരവും നൽകി. ഈ പദ്ധതിയുടെ പണി അതിവേഗം പുരോഗമിക്കുന്നു. നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ഈ ബൈപ്പാസ് 4 വരിപ്പാതയാക്കൽ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ പെടുത്തി ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>**തലശ്ശേരി - മാഹി ബൈപ്പാസ്:-**</u>ദേശീയപാത 17-ൽ മുഴിപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിൽ സ്ഥലം ഏറ്റെടുത്ത 12 കി.മീ. ഇ.പി.സി. പ്രകാരം കേന്ദ്ര ഫണ്ടിൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

<u>**മൂവാറ്റുപുഴ ബൈപ്പാസ്:**</u>മൂവാറ്റുപുഴ ബൈപ്പാസ്: (കാരക്കുന്നം ചർച്ച് മുതൽ കടാത്തി കുരിശുവരെ) 4.394 കി.മീ. 30 മീറ്റർ വീതിയിൽ MoRTH അംഗീകരിച്ചതാണ്. ഇപ്പോൾ 45മീ. വീതിയിലുള്ള ബൈപ്പാസ് അലൈൻമെന്റ് അംഗീകാരത്തിനായും 298.17 കോടി രൂപയുടെ ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റ് അംഗീകാരത്തിനായും MoRTH ൽ സമർപ്പിച്ചിട്ടുണ്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു.

<u>**കോതമംഗലം ബൈപ്പാസ്:**</u> കോതമംഗലം ബൈപ്പാസിന്റെ (കി.മീ. 238/200 മുതൽ 243/000) അലൈൻമെന്റ് 30മീ. വീതിയിൽ MoRTH lr. No. RW/NH-12012/14/01-KL(P-7) dt. 2/5/2006 പ്രകാരം അംഗീകരിച്ചതാണ്. ഇപ്പോൾ 45മീ. വീതിയിൽ (നീളം 3.339 കി.മീ) അലൈൻമെന്റ് അംഗീകാരത്തിനായും 9.45 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 103.67 കോടി രൂപയുടെ ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റ് MoRTHൽ സമർപ്പിച്ചിട്ടുണ്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

<u>**താമരശ്ശേരി ബൈപ്പാസ്:**</u> ദേശീയപാത 212ൽ പരപ്പിൻ പൊയിൽ വട്ടകുന്ന് പാലം മുതൽ താമരശ്ശേരി ചുങ്കം സെയിൽ ടാക്സ് ചെക്ക്പോസ്റ്റ് വരെ (കി.മീ. 27/800 മുതൽ

31/250) 30 മീറ്റർ വീതിയിൽ MoRTH അംഗീകരിച്ചതാണ്. ആകെ നീളം 3.6 കി.മീ ആണ്. സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ പണി പൂർത്തിയായി വരുന്നു

**<u>സുൽത്താൻ ബത്തേരി ബൈപ്പാസ്:-</u>** ദേശീയപാത 212ൽ ദൊട്ടപ്പൻ കുളം മുതൽ തിരുനെല്ലി വരെ (കി.മീ. 95/500 മുതൽ 99/800 വരെ) 30 മീറ്റർ വീതിയിൽ 5 കി.മീ ദൈർഘ്യത്തിൽ ബൈപ്പാസ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇൻഫ്രാസ്ട്രക്ചർ ഫ്ളാഗ്ഷിപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്നായി 42.25 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്

**<u>മണ്ണാർക്കാട് ബൈപ്പാസ്:</u>** ദേശീയപാത 213ൽ കി.മീ. 97/000 (കുമരംപുത്തൂർ) മുതൽ കി.മീ. 107/000 (ചൂരിയോട്) വരെയുള്ള 8.5 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതിന്റെ ആദ്യഘട്ടമായ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ലോക ബാങ്ക് ധനഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ് ടി പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2 ബൈപ്പാസ്സുകൾ നിർമ്മിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസുകൾ ചുവടെ ചേർക്കുന്നു

**<u>തിരുവല്ല ബൈപ്പാസ്സ്</u>**

എം.സി റോഡിന്റെ കിഴക്ക് വശത്ത് മഴുവങ്ങാട് ചിറ നിന്നും ആരംഭിച്ച് രാമൻ ചിറയിൽ വന്നു ചേരുന്ന തിരുവല്ല ബൈപ്പാസ്സിന് 2.3കി.മീ ദൈർഘ്യമാണ് ഉള്ളത്. നിർദ്ദിഷ്ട ബൈപ്പാസ്സ് പുഷ്പഗിരി മെഡിക്കൽ കോളേജ് റോഡ്, കോഴഞ്ചേരി റോഡ്, റെയിൽവേ സ്റ്റേഷൻ റോഡ്, മല്ലപ്പള്ളി റോഡ് എന്നീ പ്രധാന പാതകളെ ക്രോസ് ചെയ്ത് മുൻസിപ്പൽ സ്റ്റേഡിയം, പ്രൈവറ്റ് ബസ് സ്റ്റാൻഡ്, നിലവിലുള്ള കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് തുടങ്ങിയവയുടെ പരിസരത്തു കൂടി കടന്നു പോകുന്നു. വൈ.എം.സി.ഐ ജംഗ്ഷനു

സമീപം 145 മീറ്റർ നിളം വരുന്ന ഫ്ളൈ ഓവറും ഒരു ചെറിയ പാലവും ഇതിൽ ഉൾപ്പെടുന്നു. 7 മീറ്റർ ക്യാരേജ് വേയും ഇരുവശങ്ങളിലും 1.5 മീറ്റർ സീൾഡ് ഷോൾഡറും ഉൾപ്പെടെ 10 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ച് ഇരുവശങ്ങളിലും ഷോൾഡർ സംരക്ഷണ ഭിത്തി,ആവശ്യമായ സ്ഥലങ്ങളിൽ കോൺക്രീറ്റ് ഓടയും ജംഗ്ഷൻ വികസനവും, GSB,WMM.DBM,BC യും ചെയ്ത് അന്താരാഷ്ട്ര നിലവാരത്തിലാണ് ഈ ബൈപ്പാസ് നിർമ്മിക്കുന്നത്. 8 ജംഗ്ഷൻ ഉള്ള ഈ ബൈപ്പാസിൽ എല്ലാവിധ റോഡ് സൈനേജുകളും, മാർക്കിംഗുകളും, സോളാർ സ്ട്രീറ്റ് ലൈറ്റുകളും ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും ഉൾപ്പെടുത്തി യിട്ടുണ്ട് ഈ ബൈപ്പാസ് നിർമ്മാണം M/s. EKK & Co. എന്ന കമ്പനി 31.80 കോടി രൂപയ്ക്കാണ് കരാർ ഏറ്റെടുത്തിരിക്കുന്നത്. 24 മാസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 2016 സെപ്തംബർ മാസം ഈ ബൈപ്പാസിൻെറ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**<u>തൊടുപുഴ ബൈപ്പാസ്സ്</u>**

2.59 കി.മീ ദൈർഘ്യമുള്ള ഈ ബൈപ്പാസ്സ് മൂവാറ്റുപുഴ-തൊടുപുഴ റോഡിലുള്ള വെങ്ങല്ലൂർ ജംഗ്ഷനിൽ നിന്ന് തുടങ്ങി കോലാനി ജംഗ്ഷനിൽ അവസാനിക്കുന്നു. കെ എസ് ടി പി 2 പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന പെൻകുന്നം-തൊടുപുഴ റോഡിൻെറ കരാറിലാണ് ഈ ബൈപ്പാസ്സും ഉൾപ്പെടുന്നത്. നേരത്തെ തന്നെ പൊതുമരാമത്ത് നിരത്ത് വിഭാഗം ഈ ബൈപ്പാസ്സ് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ഈ ബൈപ്പാസ്സിൻെറ ഗ്രഡേഷൻ പണികൾ കെ എസ് ടി പി 2 പദ്ധതിയിൽ

ഉൾപ്പെടുത്തി ഇതിനകം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 227.3 കോടി രൂപയ്ക്ക് M/s. GHV-EKK JV എന്ന കമ്പനിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത്.

നിരത്ത് വിഭാഗത്തിൻ കീഴിൽ പ്രവൃത്തി പുരോഗമിച്ചു വരുന്ന ബൈപ്പാസുകളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു

സെക്ഷൻ ഓഫീസർ

അനുബന്ധം

## പ്രവൃത്തി പുരോഗമിക്കുന്ന ബൈപ്പാസുകൾ

| പദ്ധതി | | ഡിവിഷൻ | | നിലവിലെ സ്ഥിതി |
|---|---|---|---|---|
| വർക്കല ബൈപ്പാസ് | - | തിരുവനന്തപുരം | - | ഭരണാനുമതി നൽകിയിട്ടുണ്ട് |
| ശാർക്കര മഞ്ചാടിമൂട് ബൈപ്പാസ് | - | തിരുവനന്തപുരം | - | ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| അഞ്ചൽ ബൈപ്പാസ് | - | കൊല്ലം | - | 1-ാം ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. 2-ാം ഘട്ടത്തിനായി 15 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| കോന്നി ബൈപ്പാസ് | - | പത്തനംതിട്ട | - | ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങി |
| പന്തളം | - | പത്തനംതിട്ട | - | ഇൻവെസ്റ്റിഗേഷൻ വർക്കിന്റെ ദർഘാസ് ക്ഷണിച്ചു |
| കടുത്തുരുത്തി ബൈപ്പാസ് (Phase –I) | - | കോട്ടയം | - | 90% പണികൾ പൂർത്തിയാക്കിയിട്ടുണ്ട് |
| കടുത്തുരുത്തി ബൈപ്പാസ് (Phase –II) | - | കോട്ടയം | - | 2250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ് | - | കോട്ടയം | - | 5700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായി. തണ്ണീർ ത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| മുണ്ടക്കയം ബൈപ്പാസ് | - | കോട്ടയം | - | പണികൾ പുരോഗമിക്കുന്നു. |
| പട്ടിത്താനം- ഏറ്റുമാനൂർ മണർകാട് ബൈപ്പാസ് | - | കോട്ടയം | - | Rs. 2415ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും Phase I പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. Phase II സ്ഥലമെടുപ്പു നടപടികൾ പുരോഗമിക്കുന്നു |
| അയർക്കുന്നം - കുറ്റില്ല ബൈപ്പാസ് | - | കോട്ടയം | - | സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു |
| കാഞ്ഞിരപ്പള്ളി ബൈപ്പാസ് | - | കോട്ടയം | - | സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു |
| തങ്കളം -കോഴിപ്പള്ളി പുതിയ ബൈപ്പാസ് | - | മൂവാറ്റുപുഴ | - | സ്ഥലം ഏറ്റെടുപ്പു നടപടികൾ പുരോഗമിക്കുന്നു. |
| പെരുമ്പാവൂർ ബൈപ്പാസ് | - | മൂവാറ്റുപുഴ | - | സ്ഥലം ഏറ്റെടുപ്പു നടപടികൾ ഉടൻ ആരംഭിക്കുന്നതാണ് |
| മൂവാറ്റുപുഴ ബൈപ്പാസ് | - | മൂവാറ്റുപുഴ | - | സ്ഥലം ഏറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. |
| മുറിക്കല്ല് പാലം & ബൈപ്പാസ് | - | മൂവാറ്റുപുഴ | - | പാലത്തിന്റെ പണി പുരോഗതിയിലാണ് |
| പെരുവ- പിറവം ബൈപ്പാസ് | - | മൂവാറ്റുപുഴ | - | ഇൻവെസ്റ്റിഗേഷൻ പണികൾ പുരോഗമിക്കുന്നു. |
| കണ്ടിയൂർ ബൈപ്പാസ് | - | ആലപ്പുഴ | - | ടെൻഡർ അംഗീകരിച്ചിട്ടുണ്ട് |
| ചെങ്ങന്നൂർ ബൈപ്പാസ് | - | ആലപ്പുഴ | - | First reach –ടെൻഡർ അംഗീകരിച്ചിട്ടുണ്ട് Second reach സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ് |

| | | | | | |
|---|---|---|---|---|---|
| പൈനാവ് - ഇടുക്കി ബൈപ്പാസ് റോഡ് | - | ഇടുക്കി | | | ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു |
| ചേലക്കര ബൈപ്പാസ് | | തൃശ്ശൂർ | | - | 400 ലക്ഷം രൂപയ്ക്ക് 2009 - ൽ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിനാൽ 2500 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| അമലനഗർ മണ്ണുത്തി ബൈപ്പാസ് | - | തൃശ്ശൂർ | | - | 700 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടം അലൈൻമെന്റ് പ്ലാനിന്റെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| അകത്തേത്തറ ബൈപ്പാസ് | - | പാലക്കാട് | | - | എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കേസ് ഉള്ളതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| യാക്കര - തിരുനെല്ലായി ബൈപ്പാസ് | - | പാലക്കാട് | | - | പ്രവൃത്തി നടന്നു വരുന്നു. |
| കുനിശ്ശേരി ബൈപ്പാസ് | - | പാലക്കാട് | | - | പ്രവൃത്തി നടന്നു വരുന്നു. |
| തത്തമംഗലം ബൈപ്പാസ് | - | പാലക്കാട് | | - | വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കൊല്ലംങ്കോട് ബൈപ്പാസ് | - | പാലക്കാട് | | - | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| കൽമണ്ഡപം ബസ്. സ്റ്റാൻഡ് ബൈപ്പാസ് | - | പാലക്കാട് | | - | പ്രവൃത്തി പുരോഗമിക്കുന്നു |
| ഒറ്റപ്പാലം ബൈപ്പാസ് | - | പാലക്കാട് | | - | പൊതുജനങ്ങളുടെ എതിർപ്പു മൂലം സ്ഥലം ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. |
| നരിക്കുനി ബൈപ്പാസ് | - | കോഴിക്കോട് | | - | സ്ഥലത്തിന്റെ നെഗോഷ്യേറ്റഡ് പർച്ചേസിനു വേണ്ടി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| പേരാമ്പ്ര ബൈപ്പാസ് | - | കോഴിക്കോട് | | - | തണ്ണീർ ത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| കോടഞ്ചേരി ബൈപ്പാസ് | - | കോഴിക്കോട് | | - | ടെൻഡർ നടപടികൾ പൂർത്തീകരിച്ചു |
| കുറ്റ്യാടി ബൈപ്പാസ് | - | കോഴിക്കോട് | | - | തണ്ണീർ ത്തട സംരക്ഷണ നിയമപ്രകാരമുള്ള നിരാക്ഷേപ പത്രം ലഭ്യമാക്കുവാൻ നിരത്തുവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |
| കൂരാച്ചുണ്ട് ബൈപ്പാസ് | - | കോഴിക്കോട് | | - | സ്ഥലം ഏറ്റെടുക്കൽ നടപടി അടങ്കൽ പകർപ്പ് ലഭ്യമാക്കാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് |
| നിലമ്പൂർ ബൈപ്പാസ് | - | മഞ്ചേരി | | - | 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ലാന്റ് അക്വസിഷൻ നടപടികൾ പൂർത്തിയായി വരുന്നു. |
| കർമ്മ ബൈപ്പാസ് | - | മഞ്ചേരി | | - | ഒന്നാം ഘട്ടം പ്രവൃത്തി പുരോഗമിച്ചുവരുന്നു രണ്ടാം ഘട്ടത്തിന്റെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. |
| പൊൻമുണ്ടം ബൈപ്പാസ് | - | മഞ്ചേരി | | - | ഒന്നാം റീച്ചിൽ ROB യുടെ പ്രവൃത്തി നടത്തേണ്ടതായിട്ടുണ്ട്. മറ്റ് പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടും മൂന്നും റീച്ചിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നാലാം റീച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| കഞ്ഞിപ്പുര മൂടാൽ ബൈപ്പാസ് | | മഞ്ചേരി | - | സ്ഥലം ലഭ്യമായ ഭാഗത്ത് പ്രവൃത്തി പുരോഗമിക്കുന്നു. ബാക്കി സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി വരുന്നു. |
| കോട്ടയ്ക്കൽ ബൈപ്പാസ് | | മഞ്ചേരി | - | 1ഉം-2ഉം റീച്ചുകൾ പൂർത്തിയായി. 3-ാം റീച്ചിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| മേപ്പാടി ബൈപ്പാസ് | - | വയനാട് | - | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| കണ്ണൂർ - ടൗൺ ബൈപ്പാസ് | - | കണ്ണൂർ | - | പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ